# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2571 — 09.03.2017 ൽ മറുപടിക്ക്

## ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ .<br>ശ്രീ. ആന്റണി ജോൺ .<br>ശ്രീ. വി. കെ. സി. മമ്മത് കോയ.<br>ശ്രീ. പി.ഉണ്ണി. | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന്, തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ (സാ.ധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) ഇവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും വിവരശേഖരണം നടത്തുന്നതിനും രജിസ്ട്രേഷൻ, ആരോഗ്യപരിപാലനം എന്നിവ ഉറപ്പാക്കുന്നതിനുമായി ആവാസ് എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | ആവാസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

| | |
|---|---|
| (സി) ഇതിനായി ഏതൊക്കെ സർക്കാർ ഏജൻസികളുടെയും വകുപ്പുകളുടെയും പ്രവർത്തനങ്ങളാണ് ഏകോപിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ഐ.ടി.മിഷൻ, അക്ഷയ, ചിയാക്ക്, യു.ഐ.ഡി എന്നീ ഏജൻസികളുമായാണ് പ്രാഥമികമായി പദ്ധതി നിർവ്വഹണത്തിന് ചർച്ച നടത്തിയത് കൂടാതെ ആഭ്യന്തരം, ആരോഗ്യം, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനവും പദ്ധതിനിർവ്വഹണത്തിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ